കെ.പി.സി.സി. പുനഃസംഘടന: ഇന്ദിരാഭവൻ വൃദ്ധസദനമാകും!

● സ്വന്തം ലേഖകൻ
തിരുവനന്തപുരം

നിയമസഭാ തെരഞ്ഞെടുപ്പ് ലക്ഷ്യമിട്ടുള്ള കെ.പി.സി.സി. പുനഃസംഘടനയിൽനിന്നു യുവാക്കൾ പുറത്ത്. "നൗക്കരുകളിത്തിയായി 35-40 വയസുള്ള രണ്ടോ മൂന്നോ പേരെ ഉൾപ്പെടുത്തിയതൊഴിച്ചാൽ ബാക്കിയെല്ലാം 65-75 വയസുള്ള വയോധികർ. ഷഷ്ടിപൂർത്തി പിന്നിടാത്തവർ നാലുപേർ മാത്രം!

കെ.എസ്.യു. മുൻ പ്രസിഡന്റ് വി.എസ്. ജോയി(33)യാണു പട്ടികയിലെ "ബേബി". പുതിയ രണ്ടു വർക്കിങ് പ്രസിഡന്റുമാരായി 55 വയസുള്ള വി.ഡി. സതീശനെയും 70 വയസുള്ള തമ്പാനൂർ രവിയേയുമാണ് ഉൾപ്പെടുത്തിയത്. എം.പിമാരായ കൊടിക്കുന്നിൽ സുരേഷിനെയും കെ. സുധാകരനെയും വർക്കിങ് പ്രസിഡന്റുമാരായി നിലനിർത്തുകയും ചെയ്തു. ജനറൽ സെക്രട്ടറിമാരുടെ പട്ടികയിൽ മുൻഭാരവാഹികളും ജനപ്രതിനിധികളുമല്ലാതെ പുതുമുഖങ്ങൾ തുലോം തുച്ഛം. ഗ്രൂപ്പുകൾ നിർദേശിച്ചവരെ അതേപടി ഉൾപ്പെടുത്തിയാണു പട്ടിക കൈമാറാൻ തീരുമാനിച്ചിരുന്നതെങ്കിലും ഗ്രൂപ്പുകൾക്കകത്ത് ചർച്ചയ്ക്കു വിധേയമായി. ഗ്രൂപ്പുകൾ നിർദേശിച്ചവരെ ഒഴിവാക്കിയ ഹൈക്കമാൻഡിനു കൈമാറി.

പുതുതായി എട്ടു വൈസ് പ്രസിഡന്റുമാരെ നിർദേശിച്ചതിൽ എ, ഐ ഗ്രൂപ്പുകൾ കൊച്ചുമുഹമ്മദിന്റെ പേരാണു നിർദേശിച്ചിരിക്കുന്നത്. ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് എ ഗ്രൂപ്പ് നൽകിയ പട്ടികയിൽ വി.എ. കരീം, പാലോട് രവി, വർക്കല കഹാർ, ജി. പ്രതാപവർമ തമ്പാൻ, ഷാനവാസ് ഖാൻ, കെ.സി. അബു, മുഹമ്മദ് കുഞ്ഞി, ഡൊമനിക് പ്രസന്റേഷൻ, അഖിലുൾ മുജാഹിദീൻ, പി. മാധവൻ, സാമാജി വൻ നായർ, നേറേയ്ക്കാട്ടിൽ ജോസ്, മുരുകൻ ജോയി, വി.എസ്. ജോയി, എഴുകോൺ നാരായണൻ, എന്നിവരാണുള്ളത്.

ഗ്രൂപ്പുകൾ കൈമാറിയ പട്ടികയിൽ കെ. സുധാകരൻ, കെ.പി. ധനപാലൻ, ആലത്തിക്കാരായ വി.എസ്. ശിവകുമാർ, കെ. ബാബു, ടി.എൻ.പ്രതാപനും എന്നിവരാണുള്ളത്. ഡി. സുഗതൻ (71) പി.സി. ചാക്കോയുടെ പ്രതിനിധിയായി പട്ടികയിലുണ്ട്.

കെ.പി.സി.സി. ഭാരവാഹിയായി ജനറൽ സെക്രട്ടറി സ്ഥാനത്തേക്കു ടോമി കല്ലാനി, ജോൺസൺ ഏബ്രഹാം, എന്നിവരാണുള്ളത്. 65-75 വാദ്യേ പ്രായം. ഡി. സുഗതൻ (71) പി.സി. ചാക്കോയുടെ പ്രതിനിധിയായി പട്ടികയിലുണ്ട്.

പ്രളയബാധിതർക്ക് ബാങ്ക് വായ്പ: 20 നു മുമ്പ് അപേക്ഷ നൽകണം

തിരുവനന്തപുരം: ഈ വർഷം പ്രളയബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ച 1038 വില്ലേജുകളിൽ ഉൾപ്പെടുന്ന വായ്പാ ഇടപാടുകൾക്കു സംസ്ഥാനതല ബാങ്കേഴ്സ് സമിതി അംഗീകരിച്ച ഇളവുകളും പുതിയ വായ്പയും ലഭ്യമാക്കുന്നതിന് അർഹതയുള്ളവർ അതതു ബാങ്കുകളിൽ അപേക്ഷ നൽകണം. റിസർവ് ബാങ്ക് നിഷ്കർഷിച്ചപ്രകാരം ആശ്വാസപദ്ധതികൾ നടപ്പിലാക്കേണ്ട അവസാന തീയതി ഈ മാസം 25 ആയതിനാൽ 20 നു മുമ്പ് അപേക്ഷ നൽകണം. അർഹരായ കാർഷിക, വ്യാവസായിക, വാണിജ്യ വായ്പകൾക്കും ഭവന, വിദ്യാഭ്യാസ വായ്പകൾക്കും ഈ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാണ്. സിബിൽ ബാങ്ക് വ്യവസ്ഥകൾക്കു വിധേയമായുള്ള മോറട്ടോറിയം, പുനഃക്രമീകരണം, ഇൗട്ടുമുള്ള ആനുകൂല്യവും പുതിയ വായ്പയും ലഭ്യമാക്കുന്നതിന് അർഹതപ്പെടാൻ മേൽപ്പറഞ്ഞ തീയതിക്കു മുമ്പി അപേക്ഷിക്കണം.

THOMSON
PVC PIPE
A kanichai product

● ആവലാതിയുമായി കെ.എസ്.ആർ.ടി.സി.

പെൻഷൻ അക്കൗണ്ടിലെ 47 കോടി സർക്കാർ കൈക്കലാക്കി

● ജെബി പോൾ
കൊച്ചി

പെൻഷൻ ആനുകൂല്യങ്ങൾക്കു നീക്കിവച്ച തുകയിൽനിന്ന് 47 കോടി രൂപ സർക്കാർ "കൈയിട്ടു വാരി"യെന്നു ആരോപിയാതുമായി കെ.എസ്.ആർ.ടി.സി. കഴിഞ്ഞദിവസം മാർച്ചിൽ പിൻവലിച്ച തുക മടക്കിനൽകണമെന്നാവശ്യപ്പെട്ടു ഗതാഗത മന്ത്രിക്കു കെ.എസ്.ആർ.ടി.സി. മാനേജിങ് ഡയറക്ടറുടെ കത്ത്.

വിരമിക്കൽ ആനുകൂല്യ വിതരണം ലക്ഷ്യമിട്ടു തിരുവനന്തപുരം ഒഴിച്ചുള്ള ഡിപ്പോകളുടെ അക്കൗണ്ടിൽ കെ.എസ്.ആർ.ടി.സിക്കു നിക്ഷേപമുണ്ട്. ദിവസവരുമാനത്തിന്റെ 16 ശതമാനം വീതമാണ് നിക്ഷേപിക്കുന്നത്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ കഴിഞ്ഞ മാർച്ചിൽ ഈ അക്കൗണ്ടിൽനിന്ന് 47 കോടി രൂപ സർക്കാർ പിൻവലിച്ചു. ഈ തുക മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കരുതെന്ന 2001-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ചുണ്ടിക്കാട്ടി തുക മടക്കി നൽകാൻ പലവട്ടം അദ്ധേഹം ആവശ്യപ്പെട്ടു. ഗതാഗത മന്ത്രിക്കു കൈമാറിയ കത്തിലാണ് ഇക്കാര്യം ചൂണ്ടിക്കാട്ടിയിട്ടുള്ളത്. ഡിപ്പോ പ്രകാരമുള്ള സാഹചര്യത്തിലാണ് ഗതാഗത മന്ത്രിക്കു കെ.എസ്.ആർ.ടി.സി. മാനേജിങ് ഡയറക്ടറുടെ കത്ത് ലഭിച്ചിട്ടുള്ളതെന്ന് ഗതാഗത മന്ത്രി പറഞ്ഞു. ഒഴിച്ചുള്ള ഡിപ്പോകളുടെ പ്രത്യേക അക്കൗണ്ടിൽ കെ.എസ്.ആർ.ടി.സിക്കു നിക്ഷേപമുണ്ട്. ദിവസവരുമാനത്തിന്റെ 16 ശതമാനം വീതമാണ് നിക്ഷേപിക്കുന്നത്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ കഴിഞ്ഞ മാർച്ചിൽ ഈ അക്കൗണ്ടിൽനിന്ന് 47 കോടി രൂപ സർക്കാർ പിൻവലിച്ചു. ഈ തുക മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കരുതെന്ന 2001-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ചുണ്ടിക്കാട്ടി തുക മടക്കി നൽകാൻ പലവട്ടം ആവശ്യപ്പെട്ടത്.